# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3346 13.03.17 ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹനവകുപ്പിൽ നിരീക്ഷണ ക്യാമറകൾ**

| ചോദ്യം<br>ശ്രീ. എ. എൻ. ഷംസീർ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മോട്ടോർ വാഹനവകുപ്പിന്റെ എത്ര നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്; ഇവയിൽ എത്ര എണ്ണം പ്രവർത്തനക്ഷമമാണ്; | (എ) | മോട്ടോർ വാഹന വകുപ്പ് നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടില്ല. അമിത വേഗത പിടികൂടുവാൻ Speed Violation Detection (SVD) ക്യാമറകളും സിഗ്നൽ തെറ്റിക്കുന്നത് പിടികൂടാൻ Red Light Violation Detection (RLVD) ക്യാമറകളുമാണ് സ്ഥാപിച്ചിട്ടുള്ളത്. 201 ക്യാമറകൾ കെൽട്രോൺ വഴിയും 9 സ്ഥലങ്ങളിൽ കേന്ദ്ര പദ്ധതിയുടെ ഭാഗമായി എയർടെൽ വഴിയും സ്ഥാപിച്ച ക്യാമറകളുമാണ് ഉള്ളത്. ഇതിൽ അപകടം മൂലം നശിച്ചവ ഒഴികെയുള്ള എല്ലാ ക്യാമറകളും പ്രവർത്തനക്ഷമമാണ്. എന്നാൽ സിഗ്നൽ തകരാർ, പുതിയ റോഡ് തുടങ്ങിയ കാരണങ്ങളാൽ ഉപയോഗപ്രദമല്ലാത്ത ക്യാമറകൾ ഉണ്ട്. ഇവ മാറ്റി സ്ഥാപിക്കുവാനും കേടായവ പരിഹരിക്കുവാനുമുള്ള പദ്ധതി നടന്നു വരുന്നു. |
| (ബി) | നിരീക്ഷണ ക്യാമറകളിൽ വേഗതനിയന്ത്രണം മറികടന്നതടക്കമുള്ള എത്ര കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇതിന്റെ അടിസ്ഥാനത്തിൽ 2016 ജനുവരി 1 മുതൽ ഡിസംബർ 31 വരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര രൂപ പിഴ ഇനത്തിൽ സർക്കാരിന് ലഭിച്ചു; | (ബി) | രണ്ട് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി മുന്നൂറ്റി അറുപത്തി രണ്ട് ( 2,92,362) ചെക്ക് റിപ്പോർട്ട് നൽകുകയും പിഴയിനത്തിൽ നാല് കോടി എട്ട് ലക്ഷത്തി അൻപത്തി ഒൻപതിനായിരം രൂപ ( 4,08,59,000/-) ഈടാക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| (സി) | മോട്ടോർ വാഹന വകുപ്പിന്റെ നിരീക്ഷണ ക്യാമറകളുടെ എണ്ണം 2017 ഡിസംബർ 31-നുള്ളിൽ നിലവിലുള്ളതിന്റെ ഇരട്ടിയാക്കി വർദ്ധിപ്പിച്ച് റോഡ് സുരക്ഷ ഭദ്രമാക്കാൻ കർമ്മപദ്ധതി ആവിഷ്കരിക്കുമോ? | | നിലവിൽ ഉള്ള ക്യാമറകളിൽ ഉപയോഗപ്രദമല്ലാത്ത സ്ഥാനങ്ങളിൽ ഉള്ളവ മാറ്റി സ്ഥാപിക്കുവാനും പുതിയവ സ്ഥാപിക്കുവാനുമുള്ള പദ്ധതികൾ പരിഗണനയിലാണ്. ക്യാമറകളുടെ എണ്ണം ഇരട്ടിയാക്കുവാൻ നിലവിൽ പദ്ധതികളില്ല. |

**സെക്ഷൻ ഓഫീസർ**